# കേരള സർക്കാർ
## സംഗ്രഹം

വനം വകുപ്പ് – ചേർത്തല, കേരള വള്ളത്തൊഴിലാളി കൗൺസിലിൽ മുള വിതരണം ചെയ്യുന്നതിനെ സംബന്ധിച്ചുള്ള ഉത്തരവ്.

**കൃഷി (വനം-പലവക) വകുപ്പ്**

ജി.ഒ.ആർ.റ്റി നമ്പർ.2674/78/കൃഷി. തീയതി, 12–10–78.

വായിക്കുക 1. 187–7–73ലെ ജി.ഒ.ആർ.റ്റി.നമ്പർ 1814/73/കൃഷി.
2. കേരളാ വള്ളത്തൊഴിലാളി കൗൺസിൽ പ്രസിഡന്റ് വനം വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച 18–3–78 ലെ ഹർജി.
3. 11–7–78 ൽ എഫ്.യു2/15237/78–ാം നമ്പരായി സി.സി.എഫിന്റെ റിപ്പോർട്ട്.

## ഉത്തരവ്

മുകളിൽ രണ്ടാമതായി സൂചിപ്പിച്ചിട്ടുള്ളതും കേരള വള്ളത്തൊഴിലാളി കൗൺസിൽ പ്രസിഡന്റ് ഗവൺമെന്റിൽ സമർപ്പിച്ചതുമായ ഹർജിയിൽ വള്ളത്തൊഴിലാളികളുടെ ആവശ്യത്തിലേയ്ക്ക് 5000 മുള നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം ഗവൺമെന്റ് സവിസ്തരം പരിശോധിച്ചതിനുശേഷം താഴെപറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

മുകളിൽ ഒന്നാമതായി സൂചിപ്പിച്ചിരിക്കുന്ന സർക്കാർ ഉത്തരവിൻപ്രകാരം 1973 ൽ അഖിലകേരള നാവികത്തൊഴിലാളി യൂണിയൻ മുള നൽകിയ നിബന്ധനകളനുസരിച്ചു സീനിയറേജും, കലക്ഷൻ, ട്രാൻസ്പോർട്ട് അടിയിടൽ മുതലായ ചാർജുകളുമടച്ച്, ബന്ധപ്പെട്ട യൂണിയൻ മെമ്പർമാരുടെ അധികാരപ്പെടുത്തലിന് വിധേയമായി 5000 മുള (അയ്യായിരം) വള്ളപ്പുര മേയുന്ന ആവശ്യത്തിന് ലോറിയിൽ കൊണ്ടുപോകുന്നതിന് ചേർത്തല, കേരളവള്ളത്തൊഴിലാളി കൗൺസിലിന് അനുവാദം നൽകുന്നു.

ഡിപ്പാർട്ട്മെന്റ് മുള സംഭരിക്കുകയും വള്ളത്തൊഴിലാളി കൗൺസിൽ മുളയെടുക്കാതെയും വരികയാണെങ്കിലുണ്ടാകാവുന്ന നഷ്ടം ഒഴിവാക്കുന്നതിന് വേണ്ടുന്ന മുൻകരുതലുകൾ മുഖ്യവനപാലകൻ സ്വീകരിക്കേണ്ടതാണ്.

ഈ ഉത്തരവിൻപ്രകാരം വേണ്ട മേൽ നടപടികൾ മുഖ്യ വനപാലകൻ സ്വീകരിക്കേണ്ടതാണ്. മുള ശരിയായ ആവശ്യത്തിനുതന്നെ ഉപയോഗിച്ചു എന്നു ഉറപ്പു വരുത്തേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.വി. വിദ്യാധരൻ
അഡീഷണൽ സെക്രട്ടറി

1. ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ
2. ശ്രീ. എൻ.എഎസ്.പി. പണിക്കർ, പ്രസിഡന്റ് കേരള വള്ളത്തൊഴിലാളി കൗൺസിൽ, ചേർത്തല.
3. ധനകാര്യ വകുപ്പ് 5–10–78 ലെ ജി ഒ നമ്പർ എന്ന കുറിപ്പ്
4. അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം, (ഈ ഉത്തരവ് ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി പുറപ്പെടുവിക്കുന്നതാണ്)
5. വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.